**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **05-02-2026 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഇന്ത്യൻ പൗരത്വമുള്ള അംഗപരിമിതരായിട്ടുള്ള ആർക്കും swavlamban എന്ന website മുഖാന്തിരം മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കാവുന്നതാണ്. ആശുപത്രി സൂപ്രണ്ട് ചെയർമാനായിട്ടുള്ള മെഡിക്കൽ ബോർഡിൽ അംഗപരിമിതർ നേരിട്ട് ഹാജരായി, ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ പരിശോധിച്ച് RPwD ACT 2016 പ്രകാരം വൈകല്യം തിട്ടപ്പെടുത്തി swavlamban എന്ന website ലൂടെ തന്നെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. |
| (ബി) | ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് എത്ര ശതമാനം വൈകല്യം ഉള്ളതായാണ് സർട്ടിഫൈ ചെയ്ത് നൽകുക; വിശദാംശം നൽകാമോ; | (ബി) | ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ വൈകല്യത്തിന്റെ ശതമാനം തീരുമാനിക്കുന്നത് കാഴ്ചയുള്ള കണ്ണിനു എത്രത്തോളം കാഴ്ചശക്തി ഉണ്ടെന്ന് പരിശോധിച്ചാണ്. കാഴ്ചയുള്ള കണ്ണിനു പൂർണ്ണമായ കാഴ്ചയുണ്ടെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 30 ശതമാനം വൈകല്യമാണ് നൽകുന്നത്. |
| (സി) | മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കുമാരി അക്ഷയദേവി ,ഒല്ലശ്ശേരിൽ, ബുധനൂർ പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . 13-02-2024 ന ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ചേർന്ന മെഡിക്കൽ ബോർഡിൽ കുമാരി. അക്ഷയദേവി , ഒല്ലശ്ശേരിൽ,ബുധനൂർ പി.ഒ ചെങ്ങന്നൂർ എന്നയാൾ പങ്കെടുക്കുകയും RPwD ACT 2016 പ്രകാരം ടി വ്യക്തിയുടെ വൈകല്യം ബന്ധപ്പെട്ട ഡോക്ടർമാർ പരിശോധിച്ച് മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് swavlamban എന്ന website മുഖാന്തിരം ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. swavlamban എന്ന website മുഖാന്തിരം ലഭ്യമായിട്ടുള്ള മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിൽ ടി വ്യക്തിയുടെ Clinical Diagnosisഉം ഭിന്നശേഷി ശതമാനവും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | RPwD ACT 2016-ന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകി വരുന്നത്. ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് കേന്ദ്ര സർക്കാരായതിനാൽ പരിഷ്കരിക്കുന്ന വിഷയം സംസ്ഥാന സർക്കാറിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ